**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3148      13/10/2011-ൽ മറുപടിയ്ക്ക്

<u>മുക്കട-പള്ളികടവ് ഫിഷറീസ് റോഡിന്റെ നിർമ്മാണം</u>

<u>ചോദ്യം</u>      <u>മറുപടി</u>

ശ്രീ. സി. കെ. സദാശിവൻ      ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ)<br>കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ തീരസംരക്ഷണ പദ്ധതി യിൽ ഉൾപ്പെടുത്തി മുക്കട-പള്ളികടവ് ഫിഷറീസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ ; | (എ)<br>ഹാർബർ എൻജിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ എന്ന ഇനത്തിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ മുക്കട-പള്ളികടവ് റോഡിൻെറ നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. ഇപ്പോൾ ഒന്നാം നിര മെറ്റലിംഗ് വരെ പൂർത്തീകരിക്കുകയും രണ്ടാം നിര മെറ്റലിംഗിന് മെറ്റൽ സ്റ്റാക്കിംഗ് നടത്തി CTE യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഒരാഴ്ചയ്ക്കകം രണ്ടാം നിര മെറ്റലിംഗ് പ്രവൃത്തി ആരംഭിക്കുന്നതാണ് |
| (ബി)<br>നിർമ്മാണ പ്രവർത്തനങ്ങൾ വേഗത വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി)<br>നിർമ്മാണ പ്രവൃത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. മോശമായ കാലാവസ്ഥ ഉണ്ടാകാത്തപക്ഷം സമയബന്ധിതമായി ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ